രാഷ്ട്രീയ കൊലപാതകത്തിനെതിരെ ജനാധിപത്യ സംസ്കാരം ഉയർത്തിപ്പിടിക്കണമെന്ന് സാംസ്കാരിക പ്രവർത്തകർ

കണ്ണൂർ: കണ്ണൂരിലെ കൊലപാതക സംസ്കാരത്തിനെതിരെ ജനാധിപത്യപരവും സംവാദാത്മകവുമായ ഒരു സംസ്കാരത്തിനുവേണ്ടി രംഗത്തിറങ്ങാൻ ആഹ്വാനവുമായി വടക്കൻ കേരളത്തിൽ നിന്നുള്ള 23 സാംസ്കാരിക പ്രവർത്തകർ. ശിഹാബുദീൻ പൊയ്ത്തുംകടവ്, മാധവൻ പുറച്ചേരി, കെ.ടി. ബാബുരാജ്, സന്തോഷ് ഏച്ചിക്കാനം, ഇയ്യ വളപട്ടണം, പ്രമോദ് കൂവേരി, വിനോയ് തോമസ്, ഭാസ്കരൻ അരയാല, പ്രേംകുമാർ കണ്ണോം, മധു പനക്കാട്, ശശി തളിപ്പറമ്പ്, അജയൻ വളക്കൈ, ഹരീന്ദ്രൻ ചാലാട്, പ്രേമൻ കമ്പനി, സതീശൻ മോറായി, ശശികുമാർ, കമ്പിൽ പി. രാമചന്ദ്രൻ, ചന്ദ്രൻ, ഷിജിത്ത് വായന്നൂർ, പ്രദീപൻ നാവത്ത്, പി. ആനന്ദൻ, ഒ. എം. അബൂബക്കർ, ഷുക്കൂർ പെടയങ്ങോട്, ഒ.എം. രാമകൃഷ്ണൻ എന്നിവരാണ് ഒപ്പുവച്ചത്. കവി സച്ചിദാനന്ദന്റെ നേതൃത്വത്തിൽ അമ്പതിലേറെ സാംസ്കാരിക പ്രവർത്തകർ ഒപ്പിട്ട പ്രസ്താവനയുടെ ചുവടുപിടിച്ചാണ് സമാധാനശ്രമങ്ങൾക്ക് വടക്കൻ ജില്ലകളിലെ സാംസ്കാരിക പ്രവർത്തകരും രംഗത്തിറങ്ങിയത്.

കാർത്തികപുരം ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച ദീപ്തം ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾ പി.ടി.എ ഭാരവാഹികൾക്കൊപ്പം

48 വർഷങ്ങൾക്ക് ശേഷം കണ്ടുമുട്ടിയ കൂട്ടുകാരി മേരിക്കുട്ടിയെ തിരിച്ചറിഞ്ഞ് ആശ്ലേഷിക്കുന്ന മന്ത്രി കെ.കെ.ശൈലജ ടീച്ചർ

48 വർഷത്തിന് ശേഷം ഉറ്റ കൂട്ടുകാരി മന്ത്രി കെ. കെ. ശൈലജയെ കണ്ടുമുട്ടി

ആലക്കോട്: മൂന്ന് വർഷം ഒന്നിച്ച് പഠിച്ചവർ 48 വർഷത്തിന് ശേഷം വീണ്ടും കണ്ടുമുട്ടിയപ്പോൾ അത് ഇരുവർക്കും ഓർമ്മകളുടെ തിരതല്ലലായി മാറി. ഒരാൾ സംസ്ഥാന ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ. കൂട്ടുകാരി സാധാരണ വീട്ടമ്മയായ ആലക്കോട് കൊട്ടയാട് കവലക്ക് സമീപത്തെ മേരിക്കുട്ടിയും. കഴിഞ്ഞ ദിവസം തേർത്തല്ലി കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതിയുടെ ഉദ്ഘാടന വേളയിലാണ് പതിറ്റാണ്ടുകൾക്ക് ശേഷമുള്ള കൂട്ടുകാരികളുടെ സമാഗമത്തിന് വേദിയായത്. ആർദ്രം പദ്ധതി ഉദ്ഘാടനത്തിനാണ് ശൈലജ ടീച്ചർ എത്തിയത്. ഉറ്റ കൂട്ടുകാരി വരുന്നുണ്ടെന്നറിഞ്ഞ് കാണാനായാണ് മേരിക്കുട്ടിയെത്തിയത്. മേരിക്കുട്ടിയുടെ മകൻ ബിജോയി തേർത്തല്ലി പി.എച്ച്.സിയിൽ ഡോക്ടറുമാണ്. ആൾക്കൂട്ടത്തിനിടയിൽ വെച്ച് ശൈലജ ടീച്ചറുടെ അടുത്തെത്തി എന്നെ അറിയുമോയെന്ന് മേരിക്കുട്ടി ചോദിച്ചു. ചോദ്യം കേട്ടതോടെ ഇത് എന്റെ മേരിക്കുട്ടിയല്ലേയെന്ന് പറഞ്ഞ് ശൈലജ ടീച്ചർ ഇവരെ തിരിച്ചറിഞ്ഞു. പിന്നെ സ്നേഹം പങ്കുവെച്ചുള്ള ആശ്ലേഷിക്കലും ഓർമ്മകളുടെ പങ്കിടലും. 1968 മുതൽ 70 വരെ ഇരിട്ടി ഗവ. ഹൈസ്കൂളിൽ ഒരേ ക്ലാസിൽ ഒരുമിച്ചു പഠിച്ചവരാണ് ഇരുവരും. 8, 9, 10 ക്ലാസുകളിൽ ഉറ്റ കൂട്ടുകാരികൾ കൂടിയായിരുന്നു ഇവർ. പടിയൂർ സ്വദേശിനിയായിരുന്നു മേരിക്കുട്ടി. പത്താം ക്ലാസിന് ശേഷം ഇരുവരും വേർപിരിഞ്ഞു. ആലക്കോട് സ്വദേശി തണ്ണിപ്പാറ മാത്യുവിനെ വിവാഹം കഴിച്ച് മേരിക്കുട്ടി കുടുംബിനിയായി മാറി. ശൈലജ ടീച്ചർ രാഷ്ട്രീയ പ്രവർത്തനത്തിന്റെ തിരക്കുകളിലേക്കും മാറിയതോടെ ഉറ്റ കൂട്ടുകാരികൾ തമ്മിൽ പിന്നീട് ഒരിക്കലും കൂടിക്കണ്ടില്ല. എങ്കിലും ശൈലജ ടീച്ചറെ ഒന്നു കാണണമെന്ന ആഗ്രഹം മേരിക്കുട്ടിക്കുണ്ടായിരുന്നു. മകൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ ടീച്ചർ എത്തുന്നതായി അറിഞ്ഞതോടെയാണ് മേരിക്കുട്ടിയും എത്തിയത്. ഭർത്താവ് മാത്യുവിനും മകൻ ഡോ.ബിജോയിക്കുമൊപ്പമാണ് കൂട്ടുകാരിയെ കാണുന്നതിനായി മേരിക്കുട്ടിയെത്തിയത്. 48 വർഷങ്ങൾക്ക് ശേഷമുള്ള ഇരുവരുടെയും കൂടിച്ചേരലും സ്നേഹം പങ്കിടലും കണ്ട് നിന്നവരിലും സ്നേഹബന്ധത്തിന്റെ ഊഷ്മളതകൾ നിറച്ചു.

ഒരുക്കങ്ങൾ പൂർത്തിയായ ഉണ്ടപ്പറമ്പ് മൈതാനം

കരീബിയൻസ് ഫുട്ബോൾ ഫെസ്റ്റിന് എട്ടിന് പന്തുരുളും

സി.കെ.വിനീത് ഉദ്ഘാടനം ചെയ്യും

തളിപ്പറമ്പ: എസ്.എഫ്.എ അംഗീകൃത രണ്ടാമത് ടൈൽസോൺ കരീബിയൻസ് ഫുട്ബോൾ ഫെസ്റ്റിന് എട്ടിന് ഉണ്ടപ്പറമ്പ് മൈതാനിയിൽ പന്തുരുളുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. തളിപ്പറമ്പ ഫുട്ബോൾ മേളയുടെ ആരവം കെട്ടടങ്ങും മുമ്പ് വീണ്ടുമൊരു ഫുട്ബോൾ മാമാങ്കമാണ് തളിപ്പറമ്പുകാരെ കാത്തിരിക്കുന്നത്. ഹൈവേ ഗേറ്റ് ഏഴാംമൈലും ഫ്രണ്ട്സ് മമ്പാടും തമ്മിലാണ് ഉദ്ഘാടന മൽസരം. ഐ.എസ്.എൽ, ഇന്ത്യൻ താരം സി.കെ. വിനീത് ഉദ്ഘാടനം ചെയ്യും. രാത്രി എട്ട് മണി മുതലാണ് എല്ലാ ദിവസവും മൽസരം ആരംഭിക്കുന്നത്. കഴിഞ്ഞവർഷം സെവൻസ് ഫുട്ബോളിൽ അന്നേവരെ കണ്ടിട്ടില്ലാത്ത പരിഷ്ക്കാരങ്ങളാണ് കരീബിയൻസിൽ സംഘാടകർ ഒരുക്കിയിരുന്നത്. അതിനെക്കാൾ മികച്ച ഒരുക്കങ്ങളാണ് സംഘാടകർ ഈവർഷം ഒരുക്കുന്നത്. ഡിജിറ്റൽ സ്കോർ ബോർഡ്, ഇരുമ്പ് ഗാലറി, കളിയിലെ നിർണ്ണായക നീക്കങ്ങൾ കാണികൾക്ക് വീണ്ടും കാണുവാൻ പറ്റുന്ന വിധത്തിലുള്ള സ്ക്രീനിംഗ് സംവിധാനം എന്നിവ കഴിഞ്ഞവർഷം കരീബിയൻസിന്റെ പ്രത്യേകതകളായിരുന്നു. അതിന്റെ ഫലമായി കഴിഞ്ഞവർഷം കേരള സെവൻസ് ഫുട്ബോൾ അസോസിയേഷന്റെ നാല് സുപ്രധാന അവാർഡുകളാണ് കരീബിയൻസിനെ തേടിയെത്തിയത്. ഈവർഷവും 5000പേർക്ക് ഇരിക്കാവുന്ന ഇരുമ്പ് ഗാലറിയാണ് ഒരുക്കുന്നത്. കൂടാതെ പ്രത്യേക പവലിയനും ഒരുക്കുന്നുണ്ട്. ഇവിടെ ഇരിക്കുന്നവർക്ക് ലഘു ഭക്ഷണവും റെഡിയാണ്. അന്താരാഷ്ട്ര മൽസരങ്ങളിലടക്കം ഫ്രീകിക്ക്, പെനാൽട്ടി തുടങ്ങിയ വേളകളിൽ റഫറിമാർ ഉപയോഗിക്കുന്ന വാനിഷിങ്ങ് സ്പ്രേയും ഈവർഷം കരീബിയൻസ് ഫുട്ബോളിൽ ഉപയോഗിക്കും. കേരളത്തിലാദ്യമായാണ് സെവൻസ് ഫുട്ബോളിൽ ഈ സംവിധാനം ഒരുക്കുന്നതെന്ന് സംഘാടകർ അവകാശപ്പെടുന്നു. ഡിജിറ്റൽ സ്കോർ ബോർഡിനൊപ്പം മൽസരം സ്റ്റേഡിയത്തിലെത്താൻ പറ്റാത്തവർക്കും വീക്ഷിക്കാൻ പറ്റുന്ന വിധത്തിൽ എച്ച്.ഡി. നിലവാരത്തിലുള്ള ഫെയ്സ്ബുക്ക് ലൈവും ഒരുക്കുന്നുണ്ട്.

ലൈബീരിയ, ഐവറി കോസ്റ്റ്, ഘാന, നൈജീരിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള കറുത്തമാരോടൊപ്പം സന്തോഷ്ട്രോഫി താരങ്ങളും പ്രാദേശിക താരങ്ങളും വിവിധ ടീമുകൾക്കായി ബൂട്ടണിയും. ഹൈവേഗേറ്റ് ഏഴാംമൈൽ, സയ്യിദ്നഗർ ബ്ലാസ്റ്റേഴ്സ്, മിലാൻ സ്പോർട്ടിംഗ് തളിപ്പറമ്പ തുടങ്ങിയ പ്രാദേശിക ടീമുകൾ മത്സര രംഗത്തുണ്ട് ഏപ്രിൽ ഒന്നിനാണ് കരീബിയൻസിന്റെ കലാശക്കൊട്ട്.

വാർത്താസമ്മേളനത്തിൽ പി.പി.മുഹമ്മദ്നിസാർ, ദിൽഷാദ് പാലക്കോടൻ, സൂപ്പർ സിദ്ധീഖ്, ജസീം വലിയകുളത്തിൽ, കെ.സലീം, മുഹമ്മദ് അസ്ഹർ എന്നിവർ സംബന്ധിച്ചു.

ഭക്ഷണ മാലിന്യം: പ്രചാരണം തെറ്റാണെന്ന് കോൺഗ്രസ്

ചപ്പാരപ്പടവ്: 15-ാം വാർഡ് മെമ്പർ പ്രമീളരാജന്റെ മകളുടെ വിവാഹത്തിന്റെ ഭക്ഷണ മാലിന്യങ്ങൾ പുറന്തള്ളി എന്ന പ്രചാരണം അടിസ്ഥാനരഹിതവും നിന്ദ്യവുമാണെന്ന് കോൺഗ്രസ് ഐ 25-ാം ബൂത്ത് കമ്മിറ്റി വ്യക്തമാക്കി. 45 ദിവസം മുമ്പ് നടന്ന വിവാഹത്തിന്റെ ഭക്ഷണ മാലിന്യങ്ങൾ എന്ന് പറഞ്ഞ് മാധ്യമങ്ങളിൽ വന്ന ചിത്രം വേറെ എവിടെനിന്നോ എടുത്തതാണെന്നും അവരെ രാഷ്ട്രീയമായും വ്യക്തിപരമായും തേജോവധം ചെയ്യാൻ ചില സാമൂഹ്യവിരുദ്ധർ സൃഷ്ടിച്ചതാണെന്നും കമ്മിറ്റി ചൂണ്ടിക്കാണിച്ചു. ആരോഗ്യവിഭാഗവും പഞ്ചായത്തും നടത്തിയ അന്വേഷണത്തിൽ അങ്ങനെയൊരു മാലിന്യം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ബൂത്ത് പ്രസിഡണ്ട് കെ. ഭാനുപ്രകാശ് അധ്യക്ഷത വഹിച്ചു. കൂവേരിക്കാരൻ ബാലകൃഷ്ണൻ, സി. പത്മനാഭൻ, എം.വി. സന്തോഷ്കുമാർ, പി.വി. സുവർണ്ണൻ, സുശീല കേശവൻ, സി. ലീല, കെ.വി. ഇന്ദിര സംസാരിച്ചു.

നടുവിൽ പയറ്റിയാൽ ഭഗവതി ക്ഷേത്ര കളിയാട്ടം ഇന്ന് മുതൽ

നടുവിൽ: പയറ്റിയാൽ ഭഗവതി ക്ഷേത്ര കളിയാട്ട മഹോത്സവം ഇന്ന് മുതൽ ഒമ്പത് വരെ നടക്കും. ഇന്ന് രാത്രി എട്ട് മണിക്ക് പയറ്റിയാൽ ഭഗവതിയുടെ തോറ്റം, കൂടിയാട്ടം. നാളെ വൈകീട്ട് അഞ്ച് മണിക്ക് ഗുളികൻ ദൈവത്തിന്റെ വെള്ളാട്ടം, തായ്പരദേവതയുടെ തോറ്റം, കൂടിയാട്ടം, ധർമ്മദൈവത്തിന്റെ വെള്ളാട്ടം എന്നിവയും രാത്രി എട്ട് മുതൽ പത്ത് വരെ അന്നദാനം, തുടർന്ന് മേലൂർ തലച്ചിലോൻ ദൈവം, മുടിയിൽ പൂവല്ലി ദൈവം, ധർമ്മദൈവം, പയറ്റിയാൽ ഭഗവതിയുടെ തോറ്റം, കൂടിയാട്ടം എന്നിവ നടക്കും. എട്ടിന് രാവിലെ അഞ്ച് മണിക്ക് തായ്പരദേവത, ഉച്ചക്ക് രണ്ട് മണിക്ക് പയറ്റിയാൽ ഭഗവതിയുടെ ഉച്ചത്തോറ്റം, കൂടിയാട്ടം, ബാരവൻ ദൈവത്തിന്റെ വെള്ളാട്ടം, തായ്പരദേവതയുടെ തോറ്റം, കൂടിയാട്ടം വിഷ്ണുമൂർത്തിയുടെ തോറ്റം എന്നിവയും നടക്കും. രാത്രി എട്ട് മണിക്ക് നടുവിൽ ചുഴലി ഭഗവതി ക്ഷേത്രത്തിൽ നിന്നും അയ്യപ്പ വനദുർഗ ക്ഷേത്രത്തിൽ നിന്നും ആരംഭിക്കുന്ന കാഴ്ചവരവും ഉണ്ടാകും. കരിമരുന്ന് പ്രയോഗത്തെ തുടർന്ന് കുറത്തിയമ്മയുടെ തുടങ്ങൽ, മോന്തിക്കോലം, ബാരവൻ ദൈവം ഒമ്പതിന് പുലർച്ചെ തായ്പരദേവത, ഗുളികൻ, വിഷ്ണുമൂർത്തി, കുണ്ടാടി ചാമുണ്ഡി, കുറത്തിയമ്മ, പയറ്റിയാൽ ഭഗവതി , ഉച്ചക്ക് മൂന്ന് മണിക്ക് ആറാടിക്കലോടുകൂടി ഉത്സവം സമാപിക്കും.

ധർമ്മിക്കുളങ്ങര ബലഭദ്രസ്വാമി ക്ഷേത്രം ഉത്സവാഘോഷം ഇന്ന്

മഴൂർ: ധർമ്മിക്കുളങ്ങര ബലഭദ്രസ്വാമി ക്ഷേത്രത്തിലെ ഈ വർഷത്തെ ഉത്സവം ഇന്ന് വിവിധ പരിപാടികളോടെ നടക്കും. വൈകീട്ട് നാല് മണിക്ക് മഴൂരപ്പന്റെ മാതൃസ്ഥാനമലങ്കരിക്കുന്ന മഴൂർ പുതുക്കുടി ഇല്ലത്ത് വച്ച് സ്വാമികളെ പാദപൂജ ചെയ്ത് താലപ്പൊലികളുടെ അകമ്പടിയോടുകൂടി അചാരപൂർവ്വം ക്ഷേത്രത്തിലേക്ക് ആനയിക്കും. 5.30ന് കേശവാനന്ദഭാരതി സ്വാമികൾ അനുഗ്രഹ പ്രഭാഷണം നടത്തും. തുടർന്ന് സമൂഹാരാധന നടക്കും. ആറ് മണിക്ക് സാംസ്കാരിക സമ്മേളനം വാർഡ് മെമ്പർ വി.എം. സീനയുടെ അധ്യക്ഷതയിൽ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഐ.വി. നാരായണൻ ഉദ്ഘാടനം ചെയ്യും. വിശിഷ്ടാതിഥിയായി മലബാർ ദേവസ്വം ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശശികുമാർ പേരാമ്പ്ര സമ്മേളനത്തിൽ പങ്കെടുക്കും. പി. വി. സതീഷ്കുമാർ, വാസുദേവൻ നമ്പൂതിരി സംസാരിക്കും.

6.30ന് കലാമണ്ഡലം ബിന്ദുമാരാരുടെ നേതൃത്വത്തിൽ നർത്തകർ അവതരിപ്പിക്കുന്ന ബലഭദ്ര തൃപ്പാദം നൃത്താർച്ചന ക്ഷേത്ര നടയിൽ അരങ്ങേറും. 7.30ന് പെരുവനം കുട്ടൻമാരാരുടെ നേതൃത്വത്തിൽ 120 വാദ്യകലാകാരൻമാരെ അണിനിരത്തിക്കൊണ്ടുള്ള മഴൂർ മേളം അരങ്ങേറും. രാത്രി 12 മണിക്ക് മഴൂരപ്പന്റെ തൃച്ചംബരത്തേക്കുള്ള എഴുന്നള്ളത്തോടെ ഉത്സവാഘോഷത്തിന് സമാപനമാകും.

കേരള പത്രപ്രവർത്തക യൂനിയൻ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച എം.അബ്ദുറഹ്മാൻ അനുസ്മരണ യോഗത്തിൽ സീനിയർ ജേർണലിസ്റ്റ് ഫോറം സംസ്ഥാന സമിതിയംഗം പി.ഗോപി സംസാരിക്കുന്നു

എം. അബ്ദുറഹ്മാനെ പ്രസ്ക്ലബ് അനുസ്മരിച്ചു

കണ്ണൂർ: അന്തരിച്ച മുതിർന്ന മാധ്യമ പ്രവർത്തകൻ എം.അബ്ദുറഹ്മാനെ കേരള പത്രപ്രവർത്തക യൂനിയൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുസ്മരിച്ചു. കണ്ണൂർ പ്രസ് ക്ലബിൽ നടന്ന ചടങ്ങിൽ സീനിയർ ജേണലിസ്റ്റ് ഫോറം സംസ്ഥാന സമിതിയംഗം പി.ഗോപി പ്രഭാഷണം നടത്തി. കണ്ണൂരിലെ മാധ്യമ-സാംസ്കാരിക-രാഷ്ട്രീയ രംഗത്ത് നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു അബ്ദുറഹ്മാൻ എന്ന റഹ്മാൻജി എന്ന് അദേഹം പറഞ്ഞു. നിറഞ്ഞ പുഞ്ചിരിയോടെയുള്ള റഹ്മാൻജിയുടെ സംഭാഷണവും പ്രഭാഷണവും പുതുതലമുറയെ പോലും ആകർഷിച്ചു. ചിരിയിലൂടെയും ചിന്തകളിലൂടെയും പത്രലോകത്തെയും അദേഹം സർഗാത്മകമാക്കിയതായും പി.ഗോപി കൂട്ടിച്ചേർത്തു. പ്രസ്ക്ലബ് സെക്രട്ടറി പ്രശാന്ത് പുത്തലത്ത് അധ്യക്ഷത വഹിച്ചു. സീനിയർ ജേർണലിസ്റ്റ് ഫോറം ജില്ലാ സെക്രട്ടറി എം.വി.രവീന്ദ്രൻ, കെ.ചന്ദ്രശേഖരൻ, കെ.എ. ആന്റണി, കെ.ടി.ശശി, സദാശിവൻ ഇരിങ്ങൽ പ്രസംഗിച്ചു. പ്രസ്ക്ലബ് ട്രഷറർ സിജി ഉലഹന്നാൻ സ്വാഗതവും എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം സബിന പത്മൻ നന്ദിയും പറഞ്ഞു.

മുഴപ്പിലങ്ങാട് ബീച്ചിൽ പാരാമോട്ടോറിംഗ് ഫെസ്റ്റ് തുടങ്ങി

കണ്ണൂർ: മലബാറിലെ അഡ്വഞ്ചർ ടൂറിസം രംഗത്തിന് കുതിപ്പേകികൊണ്ട് മുഴപ്പിലങ്ങാട് ബീച്ച് കേന്ദ്രമാക്കി നടത്തുന്ന പാരാമോട്ടോറിംഗ് ഫെസ്റ്റിന്റെ ഉദ്ഘാടനം മന്ത്രി കെ.കെ. ശൈലജ ടീച്ചർ നിർവഹിച്ചു. മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം.പി. ഹാബിസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ് മുഖ്യാതിഥിയായി. കലക്ടർ മീർ മുഹമ്മദ് അലി ഐ.എ.എസ്, ഡി.ടി.പി.സി സെക്രട്ടറി ജിതീഷ് ജോസ്, ടി.വി. റോജ, പി. ഹമീദ് മാസ്റ്റർ, ലളിത് കുമാർ, വി. പ്രഭാകരൻ മാസ്റ്റർ സംബന്ധിച്ചു. രാവിലെ പത്ത് മണി മുതൽ വൈകീട്ട് അഞ്ച് മണി വരെയാണ് ഫെസ്റ്റ് ഉണ്ടായിരിക്കുക. പരിശീലനം ലഭിച്ച വിദഗ്ദ പൈലറ്റുമാരുടെ നേതൃത്വത്തിൽ രണ്ട് പാരാമോട്ടോറുകളാണ് സാഹസിക പ്രേമികൾക്കായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ സജ്ജീകരിച്ചിരിക്കുന്നത്. ജില്ലയിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി വിശ്വാസ് ഫൗണ്ടേഷനുമായി ചേർന്ന് ഡി.ടി.പി.സി സംഘടിപ്പിക്കുന്ന പാരാ മോട്ടോറിംഗ് ഫെസ്റ്റ് മാർച്ച് 18 വരെയാണ് തീരുമാനിച്ചിട്ടുള്ളത്. മുഴപ്പിലങ്ങാട് ബീച്ചിൽ നിന്ന് ധർമ്മടം ടൂറിസം സെന്റർ, ധർമ്മടം തുരുത്ത് എന്നിവിടങ്ങളേയും ബന്ധപ്പെടുത്തിയാണ് പാരാ മോട്ടോറിംഗിന്റെ ഭാഗമായുള്ള പറക്കൽ രൂപപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് 0497-2706336

തൃച്ചംബരത്ത് ഇന്ന്

തളിപ്പറമ്പ: തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഉത്സവത്തിന് ഇന്ന് കൊടിയേറും. രാത്രി 7.30ന് കലാ-സാംസ്കാരിക പരിപാടി, ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. ക്ഷേത്രം സേവാ സമിതി പ്രസിഡണ്ട് സി. സുരേന്ദ്രൻ നമ്പ്യാർ, ക്ഷേത്രം തന്ത്രി കാമ്പ്രത്തില്ലത്ത് പരമേശ്വരൻ നമ്പൂതിരി അനുഗ്രഹഭാഷണം നടത്തും. മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ കെ. മുരളി സുവനീർ പ്രകാശനവും പറശിനി മടപ്പുര ട്രസ്റ്റി പി.എം. മുകുന്ദൻ മടയൻ സുവനീർ ഏറ്റുവാങ്ങും. വി.പി. ചന്ദ്രപ്രകാശൻ, കെ.കെ. മഹേശ്വരൻ നമ്പൂതിരി, എം. നാരായണൻ, പി.എം. ജനാർദനൻ, എ. അശോക് കുമാർ സംസാരിക്കും. രാത്രി പത്ത് മണിക്ക് സിനിമാ പിന്നണി ഗായകൻ സന്നിദാനന്ദൻ നയിക്കുന്ന കമ്പിൽ ഹരിശ്രീ ഓർക്കസ്ട്രയുടെ ഭക്തിഗാനമേള, രാത്രി ഒരു മണിക്ക് ശേഷം മഴൂരിൽ നിന്ന് എഴുന്നള്ളിച്ച് എത്തുന്നു.

പട്ടുവം പഞ്ചായത്തിൽ ഇക്കോഷോപ്പ് പദ്ധതി ഉദ്ഘാടനം പ്രസിഡണ്ട് ആനക്കീൽ ചന്ദ്രൻ നിർവഹിക്കുന്നു

പട്ടുവം പഞ്ചായത്ത് 'ഇക്കോഷോപ്പ്' പദ്ധതി ഉദ്ഘാടനം

പട്ടുവം: പട്ടുവം ഗ്രാമപഞ്ചായത്തിലെ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ നടപ്പിലാക്കി വരുന്ന ഇക്കോഷോപ്പ് പദ്ധതി പറപ്പൂലിൽ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി.ഷീജയുടെ അധ്യക്ഷതയിൽ പ്രസിഡണ്ട് ആനക്കീൽ ചന്ദ്രൻ ആദ്യ വിൽപ്പന നടത്തി ഉദ്ഘാടനം നിർവഹിച്ചു. പട്ടുവം കൃഷി ഓഫീസർ കെ.പ്രീത ഇക്കോഷോപ്പ് പ്രവർത്തനങ്ങൾ വിശദീകരിച്ചു. കെ.കരുണാകരൻ, രാജീവൻ കപ്പച്ചേരി, കെ.ദാമോദരൻ, സി.നാരായണൻ, പി.വി.ബാലൻ സംസാരിച്ചു. കെ.രാജൻ നന്ദി പറഞ്ഞു.

സംഘാടക സമിതി യോഗം ഇന്ന്

കരുവഞ്ചാൽ: ഏപ്രിൽ 12ന് കരുവഞ്ചാലിൽ നടക്കുന്ന കത്തോലിക്ക കോൺഗ്രസ് ശതാബ്ദി ആഘോഷത്തിന്റെ അതിരൂപതാതല സമാപനത്തിന്റെ ഭാഗമായുള്ള സംഘാടക സമിതി രൂപീകരണ യോഗം ഇന്ന് വൈകുന്നേരം നാല് മണിക്ക് കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ചർച്ച് പാരീഷ്ഹാളിൽ നടക്കും. ഫാ. മാത്യു പാലമറ്റത്തിന്റെ അധ്യക്ഷതയിൽ രൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ഉദ്ഘാടനം ചെയ്യും.

കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ആനുകൂല്യങ്ങളും പെൻഷനും വിതരണം ചെയ്യണമെന്ന്

കുറുമാത്തൂർ: കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ ധനസഹായ ആനുകൂല്യങ്ങളും പെൻഷനും കാലതാമസം കൂടാതെ വിതരണം ചെയ്യണമെന്ന് കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ഐ.എൻ.ടി.യു.സി കുറുമാത്തൂർ ഡിവിഷൻ വാർഷിക പൊതുയോഗം ആവശ്യപ്പെട്ടു. ഐ.എൻ.ടി.യു.സി ജില്ലാ സെക്രട്ടറി കെ. ശശിധരന്റെ അധ്യക്ഷതയിൽ യൂനിയൻ ജില്ലാ പ്രസിഡണ്ട് കെ.വി. പവിത്രൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റിയംഗം കെ.സി. കരുണാകരൻ മുഖ്യപ്രഭാഷണം നടത്തി. കെ.വി. നാരായണൻ പന്നിയൂർ, ടി.ടി. ദാമോദരൻ, കെ.വി. നാരായണൻകുട്ടി, ടി. കെ. ലക്ഷ്മണൻ സംസാരിച്ചു. ടി.ടി. ദാമോദരൻ സ്വാഗതവും ബേബി ഫിലിപ്പ് നന്ദിയും പറഞ്ഞു.

പ്രൈമറി സ്കൂൾ ഹിന്ദി അധ്യാപകർക്കുള്ള യാത്രയയപ്പ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.സുമേഷ് ഉദ്ഘാടനം ചെയ്യുന്നു

യാത്രയയപ്പ് നൽകി

കണ്ണൂർ: പ്രൈമറി സ്കൂൾ ഹിന്ദി അധ്യാപക സമിതി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2017-18 അധ്യയന വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രൈമറി സ്കൂൾ ഹിന്ദി അധ്യാപകർക്ക് യാത്രയയപ്പ് നൽകി. പ്രസിഡണ്ട് മുഹമ്മദ് കീത്തേടത്തിന്റെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്തു. പി. വി. സുരേന്ദ്രനാഥ്, വി. ധനരാജ്, പി. ജയകൃഷ്ണൻ, എൻ.വി. ഹേമന്ദ്കുമാർ, ടി. സുരേശൻ, കെ.പി. സുരേഷ്ബാബു, ഇ.എം. ലേഖ പ്രസംഗിച്ചു. യു.എ. കൃപ നന്ദി പറഞ്ഞു. വിരമിക്കുന്ന അധ്യാപകർക്കുള്ള ഉപഹാരം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് നൽകി.

ആൾക്കൂട്ട കൊലയിൽ പ്രതിഷേധം

ആലക്കോട്: അട്ടപ്പാടിയിലെ ആദിവാസി യുവാവ് മധുവിനെ ആൾക്കൂട്ടം ആക്രമിച്ച് കൊലപ്പെടുത്തിയതിൽ ആം ആദ്മി പാർട്ടി ആലക്കോട് പഞ്ചായത്ത് കമ്മിറ്റി യോഗം പ്രതിഷേധിച്ചു. ലാലിച്ചൻ അധ്യക്ഷത വഹിച്ചു. റെജി സ്വാഗതം പറഞ്ഞു.

വീടും സ്ഥലവും വിൽപ്പനക്ക്

ചുഴലി ചാലുവയലിൽ സുലഭമായ വെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളുള്ള 70 സെന്റ് കൃഷിഭൂമിയും വീടും വിൽപനക്ക്. ആവശ്യക്കാർ ഉടൻ ബന്ധപ്പെടുക.

Ph: 9946699006

അറിയിപ്പ്

എന്റെ പേരിൽ എഴുതിവാങ്ങിയ ആലക്കോട് സ.റ. 1998ലെ 2119-ാം നമ്പർ ആധാരപ്രകാരമുള്ളതും തിമിരി അംശം തടിക്കടവ് ദേശത്ത് റീ.സ 65/1 എ 1എയിൽപ്പെട്ടതുമായ 29 സെന്റ് സ്ഥലത്തിൽപ്പെട്ട 5 സെന്റ് സ്ഥലത്തിന്റെ ആധാരം തിരിച്ചുകിട്ടാൻ കഴിയാത്ത വിധം നഷ്ടപ്പെട്ടുപോയി. അതിന്റെ പകർപ്പ് എടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ പരസ്യതീയതി മുതൽ അഞ്ച് ദിവസത്തിനകം ആലക്കോട് സബ്ബ് രജിസ്ട്രാറെയോ എന്നെയോ രേഖാമൂലം വിവരമറിയിക്കേണ്ടതാണ്.

എന്ന്
പരിയാരം വീട്ടിൽ കമല എന്ന കമലാക്ഷി
കോട്ടക്കടവ്, പി.ഒ. തടിക്കടവ്
9847581510

കുക്കിനെ ആവശ്യമുണ്ട്

എറണാകുളം ഹോട്ടലിലേക്ക് നോർത്ത് ഇന്ത്യൻ, സൗത്ത് ഇന്ത്യൻ വിഭവങ്ങളിൽ പരിചയസമ്പന്നരായ പാചക വിദഗ്ധരെ ആവശ്യമുണ്ട്. താൽപര്യമുള്ളവർ ഉടൻ ബന്ധപ്പെടുക.

9447133248
9447113114

നോട്ടീസ്

1990-91 മാർച്ചിലെ 523198 രജിസ്റ്റർ നമ്പർ 1991-92 മാർച്ചിലെ 524905 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

വാണിദാസ്. പി.
പുല്ലാഞ്ഞിഹൗസ്
വടക്കാഞ്ചേരി, പി.ഒ. മുയ്യം
കരിമ്പം (വഴി) കണ്ണൂർ-670142

റെഡിമെയ്ഡ് ഷോപ്പ് വിൽപ്പനക്ക്

ആലക്കോട് ടൗണിൽ നല്ല നിലയിൽ പ്രവർത്തിച്ച് വരുന്ന റെഡിമെയ്ഡ് ഷോപ്പ് വിൽപ്പനക്ക്. ബന്ധപ്പെടുക.
PH: 9400045456

നായ്ക്കുട്ടികളെ വിൽപ്പനക്ക്

നല്ലയിനത്തിൽപ്പെട്ട പൊമേറിയൻ (പൂച്ചപ്പട്ടി) കുഞ്ഞുങ്ങളെ വിൽപനക്ക്. ബന്ധപ്പെടുക
PH: 9747140475

2 വീട് വാടകക്ക്

തളിപ്പറമ്പ് കരിമ്പം ആശുപത്രിക്ക് സമീപം 2 ബെഡ്റൂം ഹാൾ

9072444950
9400407899

ആടുകളെ വിൽപ്പനക്ക്

നല്ലയിനം മലബാറി പെൺ ആടുകളെ കൊടുക്കാനുണ്ട്. ആവശ്യക്കാർ ബന്ധപ്പെടുക.

7994621421
9447065325

വീട് വിൽപ്പനക്ക്

മലയോര മേഖലയുടെ സിരാകേന്ദ്രമായ കരുവഞ്ചാൽ ടൗണിന് സമീപം പ്രകൃതി രമണീയമായ മീൻപറ്റിയിൽ മെയിൻ റോഡിൽ നിന്ന് 500 മീറ്റർ മാത്രം മാറി എല്ലാ വിധ സൗകര്യങ്ങളുമുള്ള വീട് വിൽപനക്ക്. ബന്ധപ്പെടുക.

9895143394
9495119966